
മതിലുകൾക്കപ്പുറം.....
DIGITAL MAGAZINE
മതിലുകൾക്കപ്പുറം.....
LITTLE KITES * 2018-2019
G H S S KUHZIMANNA
little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
GHSS KUZHIMANNA
LITTLE KITES
2018-2019

# ആശംസകൾ




ആശംസകൾ



മതിലുകൾക്കപ്പുറം.....

ഡിജിറ്റൽ മാഗസിന്

**ആശംസകൾ**

**എ മോഹൻ ദാസ്**

പ്രിൻസിപ്പാൾ

ഡിജിറ്റൽ മാഗസിന്

**ആശംസകൾ**

S R G CONVENOR

**ടിവി കൃഷ്ണപ്രകാശ്**

ഒരു നാടിന്റെ സാംസ്കാരികവും വിദ്യഭ്യാസപരവുമായ ഉന്നതിക്ക് നേതൃത്വപരമായ പങ്കു വഹിച്ചു വരുന്ന കുഴിമണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ...

ലിറ്റിൽ കൈറ്റ് കുട്ടികൾ തയ്യാറാക്കിയ

**മതിലുകൾക്കപ്പുറം**

ഡിജിറ്റൽ മാഗസിന്

എല്ലാവിധ ഭാവുകങ്ങളും നേരുന്നു...

സ്നേഹാദരങ്ങളോടെ,

**ബി. വി നാരായണൻ**

(ഹെഡ് മാസ്റ്റർ)

ആശംസകളോടെ ..

മോഹൻ ദാസ്

പി ടി എ വൈസ് പ്രസിഡന്റ്

മതിലുകൾക്കപ്പുറം.....




# ഉള്ളടക്കം


| ശീർഷകം | | പേജ് നമ്പർ |
|---|---|---|
| ആശംസകൾ | | 2 |
| അഭിമാന മുഹൂർത്തങ്ങൾ | | 4 |
| എഡിറ്റർ സംസാരിക്കുന്നു | | 5 |
| സുവർണ്ണ ജൂബിലി | | 6 |
| പടിയിറങ്ങുമ്പോൾ | | 7 |
| ഇന്റർനാഷണൽ സ്ക്കൂൾ | | 8 |
| പ്രകൃതി നൽകിയ ..... | കവിത | 9 |
| കേരള മഹാപ്രളയം ദൃശ്യങ്ങൾ | | 11 |
| തേടി | കഥ | 12 |
| ബഷീർ | ജീവചരിത്രം | 13 |
| ഹിന്ദി മൊഴിമുത്തുകൾ | | 16 |
| പ്രളയ പശ്ചാത്തലം | ലേഖനം | 17 |
| പ്രണയക്കടൽ | കവിത | 18 |
| ഗാന്ധിദർശൻ | | 19 |
| സ്ക്കൂൾ ചരിത്രം | | 20 |
| ഒരു രു വെളിച്ചം | കഥ | 24 |
| എങ്ങു പോയി | കവിത | 24 |
| പ്രളയം ബാക്കി.... | കവിത | 25 |
| കണ്ണീരൊപ്പുന്ന മാലാഖ | | 27 |
| മിസ്സ്ഡ് കോൾ | ലേഖനം | 28 |
| പ്രകൃതി ബാക്കിവച്ചത് | കഥ | 29 |
| നീ.... | കവിത | 30 |
| ജൂനിയർ റെഡ് ക്രോസ്സ് | | 33 |
| രക്ഷപ്പെടാനാ | മിനിക്കഥ | 34 |
| INCLUSIVE EDUCATION CWSN | റിപ്പോർട്ട് | 35 |
| ഞാൻ വരാം | കഥ | 36 |
| പ്രളയ കേരളം | കവിത | 37 |
| പ്രതിഭകൾ | | 38 |
| തുളസി | കവിത | 41 |
| കൈറ്റ് ജാലകം | | 43 |





# അഭിമാനമുഹൂർത്തങ്ങൾ


INTERNATIONAL SCHOOL- DECLARATION





FULL A+ AWARD (SSLC, HSS)


ഗുരുവന്ദനം-അധ്യാപക ദിനം


INAUGURATION OF NEW BLOCK



ENGLISH DAY



ASAAP

മതിലുകൾക്കപ്പുറം.....

എഡിറ്ററുടെ വാക്കുകൾ

# ആമുഖം .........

നവോത്ഥാന മൂല്യങ്ങൾ മുറുകെ പിടിക്കുന്ന മലയാളികളെ ജാതി, മത, രാഷ്ട്രീയ , വർണ്ണ,വർഗപരമായ ഒരു മതിൽ കെട്ടിനുള്ളിലും തളക്കാൻ കഴിയില്ല . 2018 ലെ കേരള മഹാപ്രളയം അതിജീവിച്ച, മനസ്സിൽ മതിലുകൾ തീർക്കാത്ത മലയാളി ലോക ജനതയ്ക്ക് മാതൃകയാണ് .അത് കൊണ്ട് തന്നെ നമ്മുടെ വിദ്യാലയത്തിന്റെ ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിന് "മതിലുകൾക്കപ്പുറം"എന്ന പേര് ഏറ്റവും ഔചിത്യമുള്ളതാകുമെന്നുറപ്പുണ്ട്.

2018 ലെ കേരള മഹാപ്രളയം മുഖ്യ പ്രമേയമാക്കിയാണ് ഈ ലക്കം സമർപ്പിക്കുന്നത്.

2019 ജനുവരി 19 ന് , പ്രശസ്ത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മ ദിനത്തിൽ , സ്കൂൾ ലിറ്റിൽ കൈറ്റ് ഐ ടി ക്ലബിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും സർഗാത്മകതയും ഐ ടി സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് .

മതിലുകൾക്കപ്പുറം.....

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ് കുട്ടികളുടെ ശ്രമ ഫലമായാണ് നടപ്പിലാക്കുന്നത്. സ്കൂളിലെ കുട്ടികളിൽ നിന്നും , അധ്യാപകരിൽ നിന്നും മറ്റുമായി സർഗാത്മക സൃഷ്ടികൾ സ്വീകരിക്കുകയും അവ എഡിറ്റോറിയൽ ബോർഡ് പരിശോധിക്കുകയും ,...എല്ലാം കുട്ടികൾ തന്നെ ഏറ്റെടുത്ത നടപ്പാക്കിയിട്ടുണ്ട്.

കഥകളും , കവിതയും, ലേഖനങ്ങളും കൂടുതലായുള്ളത് 2018 ലെ കേരള മഹാ പ്രളയത്തെ കുറിച്ചാണ് .

സൃഷ്ടികൾ അയച്ചു തന്ന എല്ലാവർക്കും നന്ദി. മാഗസിൻ പൂർത്തീകരിക്കുന്നതിൽ പങ്കാളികളായ ചീഫ് ഡിറ്റർ(എച് എം), സ്റ്റാഫ് എഡിറ്റർ, അധ്യാപകർ, സ്കൂൾ ലീഡർ, പത്രാധിപ സമിതി, ലിറ്റിൽ കൈറ്റ് കൂട്ടുകാർ, SITC , KITE മാസ്റ്റർ , KITE മിസ്ട്രസ്സ് എല്ലാവരെയും സ്മരിക്കുന്നു.

പരിമിതികൾ മൂലം എല്ലാ സൃഷ്ടികളും ഉൾപെടുത്താൻ സാധിച്ചിട്ടില്ല .

അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കാം ...

ആശംസകളോടെ ,

എഡിറ്റർ

# സുവർണ ജൂബിലി വർഷം

## 1966-2015




GHSS KUZHIMANNA INTERNATIONAL SCHOOL - DECLARATION



CTS NAIR
Former United Nations....addressing




# പടിയിറങ്ങുന്നവർ........

## പടിയിറങ്ങുമ്പോൾ

2019





മോഹൻദാസ് മാസ്റ്റർ
പ്രിൻസിപ്പാൾ



രാജൻ മാസ് റ്റർ



സലാം മാസ് റ്റർ



## ആശംസകളോടെ

ദീർഘകാല അധ്യാപന സേവനത്തിനു ശേഷം
സർവിസിൽ നിന്ന് വിരമിക്കുന്ന മൂന്ന് മികച്ച അധ്യാപകർക്ക്
നമ്മുടെ സ്ക്കൂളിന്റെ സർവ മംഗളങ്ങളും , ആയുരാരോഗ്യ സൗഖ്യവും സർവ
സമൃദ്ധിയും നേരുന്നു.
ശിഷ്ടകാല ജീവിതം ധന്യമാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കിന്നു .

LITTLE KITES 2018-2019

മതിലുകൾക്കപ്പുറം.....

DIGITAL MAGAZINE

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ** : ബി. വി നാരായണൻ (പ്രധാന അദ്ധ്യാപകൻ )

**എഡിറ്റർ/സ്റ്റാഫ്...** : കുഞ്ഞിമുഹമ്മദ് (KITE MASTER)

**സ്റ്റുഡന്റ് എഡിറ്റർ** : സുഹൈറ മോൾ കെപി 9A

**അംഗങ്ങൾ** : ഫാത്തിമ തസ്നി കെ 9H

: അക്ഷയ് മാധവ് XH

: ഫാത്തിമ നസ്ലി. കെ.കെ 9B

: അമൻ അഹമ്മദ് 9H

: ഇക്റാമുള്ള 9H

: മുനവ്വിർ 9H

:അബ്ദുൽഗഫൂർ ഐ **(SITC)**

:സജിത മക്കാട്ട് **(KITE MISTRESS)**

LITTLE KITES 2018-2019

മതിലുകൾക്കപ്പുറം.....

മതിലുകൾക്കപ്പുറം.....

# കുഴിമണ്ണ
# ഇന്റർനാഷണൽ സ്കൂൾ

## GHSS KUZHIMANNA



ghsskuzhimanna11025@gmail.com
ghssk18011@gmail.com

KUZHIMANNA (Po),
673641(Pin),
KIZHISSERI Sub Dist,
MALAPPURAM Ednl Dist,
MALAPPURAM (Dist)





മതിലുകൾക്കപ്പുറം.....

# പ്രകൃതി നൽകിയ പാഠം

കവിത

**പൂജ സുന്ദർ. പി**

**10-H**

ധന്യനായ സൂര്യനെ പിന്തള്ളി ഭൂമിയെ
ഇരുളിന്റെ കവചം മൂടിയ ദിനം
ക്രോധലോപമോഹമില്ലാതാക്കി
മനുഷ്യനെ ഒന്നാക്കി മാറ്റിയ ദിനം
മതമല്ല,ജാതിയല്ല,വർഗഭേദമല്ല....
ഒരുമയാണ് മഹത്വമെന്ന് അറിഞ്ഞ ദിനം



മണ്ണിൽവെണ്ണക്കൽകൊണ്ടുണ്ടാക്കിയ കെട്ടിടമല്ല,
മനസ്സിൽ സ്നേഹത്താൽ തീർക്കുന്ന ഗോപുരമാണ് വേണ്ടത്
ഒരുമയാണ് നമ്മുടെ പെരുമയെന്ന്
മനുഷ്യൻ തിരിച്ചറിഞ്ഞ ആ ദിനങ്ങൾ
പുഴകൾക്കും നീലക്കായലുകൾക്കും സാക്ഷിയായി
താഴ്ചയുയർച്ചയില്ലാതെ ഐക്യത്തിനടയാളമായി



മണ്ണിലെ മതിലുകൾ തകർന്നപ്പോൾ
മനസ്സിലെ മതിലുകളാണ് തകർന്നത് !
വിദ്വേഷവും ക്രൂരതയും അഹങ്കാരവുമകറ്റി
പ്രളയം ബാക്കിവെച്ചത് സ്നേഹവും ഒരുമയും
പ്രകൃതി നൽകിയ ഈ അനുഭവം ,
അതാണ് മനുഷ്യർക്കുള്ള വലിയ ഗുരു !!

# മഹാപ്രളയ ദൃശ്യങ്ങൾ















# തേടി കഥ ........... കഥ

ഹിബ ഷെറിൻ. എം.പി. 9 H

കാടിനകത്തേക്ക് പ്രവേശിക്കുന്തോറും ഇരുട്ട് കൂടി കൂടി വന്നെങ്കിലും മരം തടഞ്ഞുവച്ചുവെങ്കിലും നുഴഞ്ഞുകയറി സൂര്യപ്രകാശം അനുവാദമില്ലാതെ തുളഞ്ഞുകയറി പൊൻവെളിച്ചത്തിൽ മൂവരുടേയും മുഖം തെളിഞ്ഞു കണ്ടു . അവരുടെ യാത്രക്ക് ഒരു ലക്ഷ്യമുണ്ട്. അതെന്തെന്നാൽ അവരുടെ ഭാഗ്യം തെളിഞ്ഞുകണ്ട സമയത്ത് അനിലിന്റെ ബർത്തഡേക്ക് പാർട്ടി കഴിഞ്ഞ് ഫ്ലാറ്റിലെത്തിയ ആദിയും അജ്മൂവും അനിലും ഫ്ലാറ്റിലെത്തി. പഴയപുസ്തകത്താളുകൾ ആ റൂമിൽ ധാരാളമുണ്ടായിരുന്നു. അനിലിന്റെ അമ്മാമന്റേതാണ് അതെല്ലാം. ആദി അതിന്റെ പുറംചട്ട നോക്കി ഷെൽഫിൽ വെച്ചു. അതിന്നടിയിൽ നിന്ന് ഒരു പേജ് കാറ്റിന്റെ ഗതിക്കനുസരിച്ച് അജ്മൂവിന്റെ കാൽക്കീഴിലെത്തി. അതെടുത്തു നോക്കുയ അജ്മൂവിന്റെ മുഖം സി.എഫ്.എൽ ബൾബിനെ തോൽപ്പിക്കുന്ന വിധത്തിലായിരുന്നു. കാടിന്റെ ഒത്തനടുവിൽ അത്തിമരത്തിനു ചുവട്ടിലായി നിധിയുണ്ട്. അതിലേക്കുള്ള വഴിയും അതിലുണ്ട്. നാളെത്തന്നെ പോവാൻ അവർ തീരുമാനിച്ചു. പല കിനാവുകളും കണ്ട് അവരുറങ്ങി.

അന്ന് കലണ്ടറിൽ വലിയ അക്ഷരത്തിൽ ഒന്ന് എന്ന് തെളിഞ്ഞ് കിടപ്പുണ്ടായിരുന്നു. രാവിലെ ഇറങ്ങിയ മൂവരും ഇപ്പോൾ കാടിന്റെ ഒത്തനടുവിൽ എത്തിയിരിക്കുന്നു. സൂര്യൻ ഏതാണ്ട് തലക്കുമുകളിലാണെന്ന് തോന്നുന്നു. അവർ അത്തിമരം തേടി പുറപ്പെട്ടു. അവരുടെ ആശകൾ പൂക്കാനായി അവർക്കത് കണ്ടെത്തിയേ തീരൂ. കുറച്ചുസമയത്തിനകം അവർ അവർ ഒരു വലിയ പണക്കാരനാവുമെന്ന ചിന്ത അവരെ കുളിരുകോരിക്കുന്നു. അനിൽ ഒരു പുതിയ ഫോൺ വാങ്ങുന്നതിനെക്കുറിച്ച് വാചാലനാണ്. എന്നാൽ ആദിയും അജ്മൂവും പുതിയ ബൈക്കിനെക്കുറിച്ചാണ് പറയുന്നത്. "ഒരുപാട് ആവശ്യങ്ങളുണ്ട് ഈ നിധി കിട്ടിയിട്ട് വേണം..." അനിൽ തലചൊറിഞ്ഞുകൊണ്ട് പറഞ്ഞു."എടാ നീയൊന്ന് ക്ഷമിക്കെടോ വരാനുള്ളതൊന്നും വഴിയിൽ തങ്ങില്ല നമ്മളൊരു കോടീശ്വരൻമാരാവും നീ നോക്കിക്കോ......" അജ്മൂവിന്റേത് ഇത്രയുമാണ്. അത്തിമരം അതാ മുന്നിൽ "ഹയ്യട ഹയ്യാ ഇത് തന്നെ...." അനിലിന് ആഹ്ലാദം പിടിച്ചുവെക്കാൻ കഴിഞ്ഞില്ല. അവർ വേഗം അതിന്റെ ചുവട്ടിലേക്കോടി. എന്നിട്ട് കുഴിക്കാൻ തുടങ്ങി. "എടാ ഞാനൊരു ബുള്ളറ്റ് വാങ്ങും എന്നിട്ട് അതിൽ കറങ്ങും അപ്പോൾ ആനന്ദിനെപ്പോലെ...... അവന് മാത്രേ ബുള്ളറ്റുള്ളൂ " ആദി കുഴിക്കുന്നതിനിടയിൽ പറഞ്ഞു. "നിധി കിട്ടിയിട്ട് പോരെ " അജ്മൂവിന്റെ കൈക്കോട്ട് ഒരു സാധനത്തിൽ തട്ടി ക്ലിം..!!!. ആ ശബ്ദം അവരെ ആഹ്ലാദിപ്പിച്ചു. ഒരു പെട്ടി കിട്ടി. മൂവരും ഒരുമിച്ച് പെട്ടി തുറന്നു. അതാാാ!!!! പെട്ടി വെറും കാലി!!!. അതിലൊരു മഞ്ഞക്കടലാസ്. അത് വായിച്ച് അവർ ഞെട്ടി!!!

"ഏപ്രിൽ ഫൂൾ പറ്റിച്ചേ.......!!!!!!!"




# വൈക്കം മുഹമ്മദ് ബഷീർ

## ജന്മദിനം ജനവരി 19

### ഈ ദിനത്തിലണ് ഡിജിറ്റൽ മാഗസിൻ ഉൽഘാടനം ചെയ്യപ്പെടുന്നത്

**വൈക്കം മുഹമ്മദ് ബഷീർ**



വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു രേഖാചിത്രം

| | |
|---|---|
| | ബഷീർ കുട്ടി |
| **ജനനം** | 1908 ജനവരി 21<br>തലയോലപ്പറമ്പ്, വൈക്കം |
| **മരണം** | 1994 ജൂലൈ 5 (പ്രായം 86)<br>ബേപ്പൂർ, കോഴിക്കോട് |
| **ജീവിത പങ്കാളി** | ഫാത്തിമ ബഷീർ (ഫാബി). |
| **പുരസ്കാരങ്ങൾ** | കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, ലളിതാംബിക അന്തർജ്ജനം അവാർഡ് (1992)[1], മുട്ടത്തുവർക്കി അവാർഡ് (1993)[1], വള്ളത്തോൾ പുരസ്കാരം (1993)[1]. |
| | |
| **പ്രധാന കൃതികൾ** | പ്രേമലേഖനം, ബാല്യകാല സഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, ശബ്ദങ്ങൾ, അനരാഗത്തിന്റെ ദിനങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, |

മതിലുകൾക്കപ്പുറം.....

ഭാർഗവീനിലയം.പ്രേംപ്പാറ്റ, മിസ്സിസ് ജി.പിയുടെ സ്വർണ്ണപ്പല്ലുകൾ,

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ **സുൽത്താൻ** എന്ന അപരനാമത്തിലും അറിയപ്പെടുന്ന **വൈക്കം മുഹമ്മദ് ബഷീർ** (**ജനനം**: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - **മരണം**: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

ജീവിതരേഖ

- 1908 ജനനം
- 1942 അറസ്റ്റും ജയിൽവാസവും; ആദ്യകൃതി 'പ്രേമലേഖനം'
- 1944 'ബാല്യകാലസഖി'
- 1947 'ശബ്ദങ്ങൾ'
- 1951 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'
- 1953 'ആനവാരിയും പൊൻകുരിശും'
- 1954 'ജീവിതനിഴല്പാടുകൾ', 'വിശപ്പ്'
- 1958 വിവാഹം
- 1959 'പാത്തുമ്മയുടെ ആട്'
- 1965 'മതിലുകൾ'
- 1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1975 'ചിരിക്കുന്ന മരപ്പാവ'
- 1981 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1982 പത്മശ്രീ
- 1987 ഡി.ലിറ്റ് ബിരുദം
- 1994 മരണം

1908 ജനുവരി 21[2] ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ്

കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന 'ജയകേസരി'യിൽ പ്രസിദ്ധീകരിച്ച **തങ്കം** ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

# ഹിന്ദി-മൊഴിമുത്തുകൾ

തയ്യാറാക്കിയത് ഹിന്ദി ക്ലബ്

## अनमोल सुविचार

गलतियाँ जीवन का एक हिस्सा है,
पर इन्हें स्वीकार करने का साहस
बहुत कम लोगों में होता है।

बाहर की चुनौतियों से नहीं
हम अपनी अंदर की
कमज़ोरियों से हारते हैं।

पेड़ की शाखा पर बैठा पंछी
कभी भी डाल हिलने से नहीं घबराता
क्योंकि पंछी डाली पर नहीं
अपने पंखों पर भरोसा करता है।

शिकायत करके समस्याओं से
बचा नहीं जा सकता, किंतु
ज़िम्मेदारी उठाकर समस्याओं को
कम ज़रूर किया जा सकता है।

अगर यह लगने लगे कि
लक्ष्य हासिल नहीं होगा तो
लक्ष्य को नहीं बल्कि अपने
प्रयासों को बदले।

ग़लत लोगों की जीत
उसी वक्त तय हो जाती है
जब सही लोग चुप हो जाते है।

# പ്രളയ പശ്ചാത്തലവും നവകേരള സൃഷ്ടിയും

ലേഖനം

ലോകത്തെ തകിടം മറിച്ചുകൊണ്ടാണ് 2018 അധ്യായന വർഷത്തിൽ കേരളകരയെ തകർത്തെറിഞ്ഞുകൊണ്ട് ആ കെടുതിക്ക് തുടക്കമിട്ടത്. തോരാതെ പെയ്തിറങ്ങിയ മഴത്തുള്ളികൾ മനുഷ്യരുടെ കണ്ണിൽ നിന്നും പെയ്തിറങ്ങുന്ന കണ്ണനീർതുള്ളിക്ക് സമമായിരുന്നു. തങ്ങൾ സമ്പാദിച്ചുകൂട്ടിയ അധ്വാനവും കൊണ്ട് കെട്ടിയുയർത്തിയ വീടും നഷ്ടപ്പെട്ട മനുഷ്യക്ക് തെരുവു വരാന്തകൾ പോലും പാർപ്പിടമായി മാറി. അന്തസ്സും അഭിമാനവും വഹിച്ചുകൊണ്ടു ആവശ്യത്തിലേറെ സമ്പാദിച്ചു നടന്ന അഭിമാനികൾക്ക് ഒരു തെരുവു പട്ടിയെ പോലെ ഇരക്കേണ്ടിവന്നു. പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ നോക്കാതെ അവർ പരസ്പരം ദുരിതാശ്വാസ ക്യാമ്പിൽ ഒരുമിച്ചു താമസിച്ചു.

മനുഷ്യന്റെ ദുഷ്കർമ്മങ്ങൾക്കെതിരായി പ്രകൃതി സമ്മാനിച്ച വെറുമൊരു ഗുണപാഠമാണിത്.മണ്ണിനെ മാന്തി തുരന്നും, മലയെ ഇടിച്ചു നികത്തിയും,ഉയർന്ന ഗോപുരങ്ങൾ അവർ പണിതു.പ്രകൃതി ഭംഗിയെ കൊന്നൊടുക്കി. വരും തലമുറക്കായും ജീവജാലകങ്ങൾക്കായും അവർ ബാക്കി വെച്ചത് മാലിന്യമുക്തമായ ഒരു പുതു കേരളമായിരുന്നു.ഭൂമി സ്വന്തമാണെന്ന മനുഷ്യന്റെ തെറ്റിധാരണയിൽ നശിച്ചുപോയ അനേകം ജീവജാലകങ്ങൾ. മണ്ണിനോടുള്ള മനുഷ്യ ആർത്തിയും കള്ളതരത്തിലൂടെയും വെട്ടിപ്പിലൂടെയും കൈവരിച്ച പണവുമെല്ലാം മനുഷ്യ നാശത്തിന് കാരണമായി മാറി. പണമെന്നുള്ള മനുഷ്യ വിഭ്രാന്തി പണമില്ലാത്തവനോടുള്ള പുച്ഛമായി മാറി. സാമൂഹ്യ വ്യവസ്ഥിതന്നെ മാറ്റിമറച്ച മതവികാരങ്ങൾവ മനുഷ്യനിൽ ആഴ്ന്നിറങ്ങുമ്പോഴും ഒരുമയുടെ മാതുല്യം മറന്നുപോവുകയാണ് മനുഷ്യർ.മനുഷ്യസമൂഹംഉയർന്ന ജാതി,താഴ്ന്ന ജാതി എന്ന വ്യവസ്ഥികൾ ഉയർത്തികൊണ്ടേയിരുന്നു. ഒരുവർഒരുനേരത്തെഭക്ഷണത്തിനായി കേഴുമ്പോൾ മറ്റൊരു കൂട്ടർ ഭക്ഷണം ചെലവാക്കുന്നു.പാവപ്പെട്ടവനെസഹായിക്കുന്നതിൽ കേരള ജനത ഏറെ പിന്നിലായി മാറിയിരിക്കുന്നു. ആർഭാടമായി ജീവിക്കുന്നമനുഷ്യർകേരള സമൂഹത്തിന്റെ മലയാള തനിമ തകെർത്തെറിഞ്ഞു.

ആധുനിക കേരളം നന്മകൾ നിറഞ്ഞ ഒന്നായിരുന്നു.പച്ചപരവതാനി പോലുള്ള കേരള സമൂഹം എന്നും മനുഷ്യന് മായാമർമ്മരമായിരുന്നു. ഒരുമയുടേയും സമഭാവനടേയും സമൃദ്ധി കേരളീയ സംസ്കാരളത്തിൽ ഉൾപ്പെട്ടിരിക്കുന്നു.മനുഷ്യന്റെ പരസ്പരസ്നേഹം പ്രകൃതിയെ കുളിരുകൊള്ളിക്കുന്നതായിരുന്നു.വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യ ഉള്ള പരിസ്ഥിതി സംരക്ഷിക്കുന്നതിലും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുന്നത് അവരുടെ വിലയേറിയ ഒരു സ്വഭാവ സവിശേഷതയായിരുന്നു. പ്രാചീന കാലത്ത് നഷ്ടപ്പെട്ടുപ്പോയ ഈ കേരള ജനതയെ നവ കേരള സൃഷ്ടിക്കായി പ്രകൃതി ഒറ്റക്കെട്ടായി നിൽക്കുകയും തുടർന്ന് മനുഷ്യ അസമത്ത്വങ്ങളേയും മതവികാരത്തേയും തകർത്തെറിഞ്ഞുകൊണ്ട് പെയ്തിറങ്ങിയ മഴ കേരള സംസ്കാരത്തനിമയും സമ്പന്നപൂർണമായ പാരമ്പര്യത്തെ വിലമതിക്കുന്നതാക്കി മാറ്റി. മതവികാരമില്ലാതെ ഒരു റൂമിൽ താമസിക്കേണ്ടിവന്ന മനുഷ്യന്റെ മനസ്സിൽ തങ്ങൾ ചെയ്തുകൂടിയ തിന്മകൾ ആഴത്തിൽ മുറിവേപ്പിച്ചു. ആ മഹാ കെടുതിയെ ഒന്നായി നേരിട്ടുകൊണ്ട് കേരളത്തെ ഒത്തൊരുമയുള്ള സമ്പൂർണ്ണ കേരളമാക്കി മാറ്റി മനുഷ്യർ. ഒരു ഗ്രാമത്തിന്റെ ഒരു വലിയ ഉദ്ദാഹരണമാണ് ഒത്തൊരുമ. ഒരു സംസ്ഥാനം ഒരു രാജ്യത്തിന്റെ കൂടി അഭിമാനമായി മാറുന്നു.


കേരളം നവകേരളം, സുന്ദര കേരളം

# നീ വെറുത്താലും ഞാൻ.....കവിത – ഗുരു



കടലിന്റെ പ്രണയം
അലയായ് വരുന്നു
പ്രണയക്കടലെന്നു പേര് വന്നു.
തീരാത്ത മോഹം വറ്റാത്ത സ്നേഹം
കരയെ ചുംബിച്ചുകൊണ്ടോരോ നിമിഷവും.


കയറിയിറങ്ങുന്ന കടലാണു പക്ഷെ.....
വേലിയിറക്കവും വേലികയറ്റവും
വേലിതീർക്കുന്നു കരയുടെ മാറിൽ.
പുഴയും തടാകവും തോടുമെല്ലാം
കടലിന്റെ മക്കളാണെന്നിരിക്കെ
എന്നോടുമാത്രമെന്തിത്ര മൗനം
എന്നിട്ടുമെന്തേ നിനക്കു വൈര്യം.



വയ്യെന്റെ കടലേ പ്രണയിക്കുവാൻ
പകുതിയും കൊണ്ടുപോയ് നിന്റെ മക്കൾ
നിന്നെത്തലോടാൻ നിന്നെ കുളിർക്കാൻ
സർവ്വം സഹയാമെനിക്കുണ്ട് മോഹം.
നീ വെറുത്താലും ഞാൻ വരും കരയെ
എന്നുടെ പേരല്ലേ പ്രണയക്കടൽ...

# ഗാന്ധി ദർശൻ

## G.H.S.S KUZHIMANA




ജി.എച്ച്. എസ്. എസ് കുഴിമണ്ണയിൽ ആധുനിക തലമുറയെ കാർന്നു തിന്നുന്ന മദ്യം, മയക്കുമരുന്ന് പോലെയുള്ള ലഹരി മനുഷ്യന് ദോഷമാണെന്ന് വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ വേണ്ടി ജൂൺ 26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ക്വിസ് പ്രോഗ്രാം നടത്തി. ഗാന്ധിജിയെ സ്മരിക്കാൻ വേണ്ടി സ്വാതന്ത്ര്യ ദിനമായ ഓഗസ്റ്റ് 15 ൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഉപന്യാസം മത്സരം നടത്തി. കഴിഞ്ഞ സബ്ജില്ല കലോത്സവത്തിൽ എല്ലാം ഇനത്തിലും കുട്ടികളെ പങ്കെടുപ്പിക്കുകയും സ്കൂളിന്ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. അവരെ സെർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിച്ചു. ജനുവരിയിൽ ഗാന്ധി ദർശൻ കുട്ടികൾക്ക് പരീക്ഷനടത്തുകയും വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു. ഗാന്ധി സ്മരണ വിദ്യാർത്ഥികളിൽ നിലനിർത്താൻ വേണ്ടി സ്കൂളുകളിൽനിറഞ്ഞു നിൽക്കുന്ന ഒരു ക്ലബാണ് ഗാന്ധി ദർശൻ.



# സുവർണ ജൂബിലി

# GOLDEN JUBILEE YEAR

**സ്കൂൾ ചരിത്രം** 1966-2016

**കുഴിമണ്ണ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ**

## 1966 മുതൽ 2016 വരെ

തയ്യാറാക്കിയത്
ടി. കുഞ്ഞിമുഹമ്മദ് മാസ്റ്റർ
സഹായം-എം സി മുഹമ്മദ് ഹാജി (മുൻ പി ടി എ പ്രസിഡന്റ്)

കർഷകരും കർഷക തൊഴിലാളികളും തൊഴിൽ രഹിതരും നിത്യ ജീവിതത്തിന് പാടുപെടുന്നവരുമായ ജനങ്ങൾ അധിവസിക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് കുഴിമണ്ണ. ജനങ്ങളിൽ 70% വും നിരക്ഷരരും; അവശേഷിക്കുന്നവരിൽ ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കിയവരും, സർക്കാർ - അർദ്ധ സർക്കാർ മേഖലകളിൽ സേവനം ചെയ്യുന്നവരും വളരെ വളരെ വിരളമായിരുന്നു. 1962 ൽ പ്രാബല്യത്തിൽ വന്നതും 1963 ൽ തിരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്നതുമായ ആദ്യ ജനകീയ ഭരണ സമിതിയുടെ പ്രസിഡൻറ് കെ ആലിക്കുട്ടി സാഹിബും വൈസ് പ്രസിഡൻറ് ടി.പി ഇമ്പിച്ചിക്കോയ സാഹിബും ആയിരുന്നു. പഞ്ചായത്ത് വരുമാനം കൊണ്ട് വല്ലപ്പോഴും ഒക്കെ സർക്കാറിൽ നിന്നും ലഭിച്ചിരുന്ന തുച്ഛമായ ഗ്രാൻറ് കൊണ്ടും ജീവനക്കാരുടെ ശമ്പളത്തിൻ പോലും തികയാത്ത അവസ്ഥയായിരുന്നു. കേരളത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്ത് ഏതാണെന്ന ചോദ്യത്തിന് അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന കെ. അവുഖാദിർ കുട്ടി നഹ സാഹിബ് നിയമ സഭയിൽ പറഞ്ഞ മറുപടി കുഴിമണ്ണ പഞ്ചായത്ത് എന്നായിരുന്നു. 22.05 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിൽ കേവലം 5 എൽ.പി സ്കൂളുകളും ഒരു യു.പിയുമാണ് ഉണ്ടായിരുന്നത് .

തികച്ചും പരിതാപകരമായ പശ്ചാത്തലത്തിലാണ് ഹൈസ്കൂൾ അനുവദിച്ച് കിട്ടുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അന്നത്തെ അംശം അധികാരി കെ.പി പത്മനാഭൻ നായർ, പഞ്ചായത്ത് പ്രസിഡൻറ് കറുത്തേടൻ ആലികുട്ടി സാഹിബ്, വൈസ് പ്രസിഡൻറ് ഇമ്പിച്ചികോയാക്ക, മുൻ അധികാരി കെ.ടി ഗോവിന്ദൻ നായർ, കെ.സി വീരാൻ സാഹിബ് , മരക്കാട്ടുപുറത്ത് വേലായുധൻ, കെ.ടി അച്ചുതൻ നായർ, എംസി അബൂബക്കർ ഹാജി, പിടി ശങ്കരൻകുട്ടി പണിക്കർ, വാളശ്ശേരി വേലായുധ പണിക്കർ, പി.സി മുഹമ്മദ് ആലി സാഹിബ്, കെ.കെ വേലായുധൻ നായർ, എ.ദാമോദരൻ നായർ, തോപ്പിൽ ബാലപണിക്കർ പി.ടി ചന്ദ്ര ശേഖരൻ മാസ്റ്റർ, പെരുമ്പകത്ത് അബ്ദുറഹ്മാൻ സാഹിബ്,

വിളക്കിനിക്കാട്ട് ഉണ്ണീലിക്കുട്ടി വൈദ്യർ, പിസി സീമാൻകുട്ടി ഹാജി, ഇ.സി കുഞ്ഞാലൻ സാഹിബ്, പഞ്ചായത്ത് മെമ്പർമാരായ എംടി മുഹമ്മദ് ഹാജി, പാഴേരി അഹമ്മദ് കുട്ടി ഹാജി, എം. കുട്ടസാ സാഹിബ് തുടങ്ങിയ അക്ഷര സ്നേഹികളും നിസ്വാർഥരുമായിരുന്ന ഒട്ടനവധി മഹത് വ്യക്തികളുടെ നിദാന്ത പരിശ്രമത്തിൻറെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിൻറെ ഫലമായിട്ടാണ് ഹൈസ്കൾ അനുവദിച്ച് കിട്ടിയത് .

മേൽ വ്യക്തിത്വങ്ങൾ ആരും തന്നെയിന്ന് ജീവിച്ചിരിപ്പില്ല എന്നത് വളരെ വേദനയോടെ അനുസ്മരിക്കുന്നതോടപ്പം പരലോക മോക്ഷത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നു .

വമ്പിച്ച സാമ്പത്തിക ബാധ്യതകൾ ഉള്ള വ്യവസ്ഥകളോടെയാണ് സ്ക്കൾ അനുവദിച്ച് കിട്ടിയത് നാല് ക്ളാസ്സ് മുറികൾ ഉള്ള സ്ക്കൾ കെട്ടിടവും ആവശ്യമായ സ്ഥലവും സർക്കാറിലേക്ക് വിട്ട് നൽകണമെന്നത് വ്യവസ്ഥകളിൽ പ്രധാനപ്പെട്ടതായിരുന്നു. പഞ്ചായത്ത് പ്രസിഡൻറ് ബാപ്പു സാഹിബിൻറെ വന്ദ്യ പിതാവ് അഹമ്മദ് എന്ന ബിച്ചുണ്ണിക്കാക്കയും ജ്യേഷ്ഠ സഹോദരൻ ആനത്താനത്ത് ശൈഖ് രായിൻ ഹാജിയുമാണ് ആവശ്യമായ സ്ഥലം സൗജന്യമായി നൽകിയത്. നാട്ടുനീളെ നടന്നു പിരിവ് എടുത്തും റേഷൻ കാർഡുകൾ വാങ്ങി ന്യായവിലയുള്ള പഞ്ചസാര വാങ്ങി മാർക്കറ്റ് വിലക്ക് വിൽപന നടത്തി ലഭിച്ച വരുമാനവും മറ്റും ഉപയോഗപ്പെടുത്തി നിർമിച്ചുകൊണ്ടിരുന്ന കെട്ടിടം ഓട് മേയുന്ന സന്ദർഭത്തിൽ തകർന്ന് വീണതും ആശാരിപ്പണിക്കാരനായിരുന്ന ശ്രീ രാവുണ്ണിയും അയൽവാസിയും വയോവൃദ്ധയുമായിരുന്ന ആച്ചുമ്മ താത്തയും തകർന്ന കെട്ടിടത്തിൻറെ അടിയിൽ പെട്ട് ഗുരുതരപരിക്കുകളോടെ മാസങ്ങളോളം മഞ്ചേരി സർക്കാർ ആശുപത്രിയിൽ ചികിത്സയിൽ ആയതുമൊക്കെ സ്ക്കളിൻറെ ചരിത്രത്തിൽ മറക്കാനാകാത്ത സംഭവങ്ങളാണ് .

1966 മെയ് 23ന് വള്ളിക്കുന്നത്ത് പത്മനാഭ പണിക്കർ എന്ന വിദ്യാർത്ഥിക്ക് അഡ്മിഷൻ നൽകി പ്രവർത്തനം ആരംഭിച്ചു. ആദ്യ ബാച്ചിൻറെ ഉദ്ഘാടനം മൊടത്തിക്കുണ്ടൻ മൊയ്തീൻ ഹാജിയുടെ അങ്ങാടിയിലെ മത്സ്യ മാംസ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലത്തുണ്ടായിരുന്ന അടക്കപന്തലിൽ ആയിരുന്നു. ബ്ളാക്ക് ബോർഡിൽ സക്സസ് (SUCCESS) എന്ന ഇംഗ്ളീഷ് പദം എഴുതികൊണ്ട് അന്നത്തെ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്നു പഠനക്ലാസിൻറെ ഉദ്ഘാടനം നിർവഹിച്ചിരുന്നത്. കൊട്ടപ്പുറം സ്വദേശി പി.വി അഹമ്മദ് കോയസാഹിബിന്ന് ആയിരുന്നു പ്രധാന അധ്യാപകൻറെ ചുമതല ആദ്യ ബാച്ചിൽ 54 ആൺകുട്ടികളും 12 പെൺകുട്ടികളും അടക്കം 66 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത് .1969 മാർച്ച് മാസത്തിലാണ് ആദ്യ ബാച്ച് എസ്.എസ്.എൽസി പരീക്ഷ എഴുതിയത് 1972 ൽ പരീക്ഷ സെൻറർ അനുവദിച്ച് കിട്ടി. 1982 വിദ്യാഭ്യാസ വർഷത്തിൽ യുപി സ്ക്കൾ ആരംഭിച്ചു രണ്ടായിരാമാണ്ടിലാണ് ഹയർസെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്തത് . 6 ക്ലാസ്സ് മുറികളുള്ള സ്ക്കൾ കെട്ടിടത്തിൻറെ ഉദ്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന സി.എച്ച് മുഹമ്മദ് കോയ സാഹിബാണ് നിർവഹിച്ചത് ..

1992 വർഷത്തിൽ വിദ്യാർത്ഥികളുടെ ബാഹുല്യവും സ്ഥലപരിമിതിയും നിമിത്തം സെഷനൽ സമ്പ്രദായം ഏർപ്പെടുത്തി . 20 ഓളം ക്ളാസ്സുകൾ പ്രവർത്തിച്ചിരുന്ന ഓല ഷെഡ്ഡുകൾ നിർമ്മാജനം ചെയ്തു അന്നത്തെ ജില്ലാ പഞ്ചായത്ത് വിവിധ സ്കീമുകളായി 28 ഓളം വരുന്ന ക്ളാസ്സ് മുറികൾ നിർമ്മിച്ചു നൽകിയത് കൊണ്ടാണ് സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞത്. പാർലെമൻറ് മെമ്പറായിരുന്ന ഇ.

അഹമ്മദ് സാഹിബ്, രാജ്യസഭാ അംഗമായിരുന്ന കൊരമ്പയിൽ അഹമ്മദ് ഹാജി എംഎൽഎ, എംപിഎം ഇസ്ഹാഖ് കുരിക്കൾ എംഎൽഎ , എന്നിവരുടെ ഫണ്ടുകൾ ഉപയോഗിച്ച് 9 ക്ളാസ്സ് മുറികൾ ഉള്ള 3 കെട്ടിടങ്ങൾ നിർമിച്ചിട്ടുണ്ട് .അരീക്കോട് ബ്ളോക്ക് പഞ്ചാ: വക 3 ക്ളാസ്സ് മുറികൾക്കുള്ള സെമി പെർമനൻറ് കെട്ടിടവും കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെതായി ടോയ്ലെറ്റുകൾ, ലൈബ്രറി സൗകര്യങ്ങൾ, ജില്ലാ പഞ്ചായത്തിൻറെ വിജയഭേരി പദ്ധതിയിൽ പെട്ട ക്യാമ്പുകൾ നടക്കുന്നതിനായുള്ള സഹായ സഹകരണങ്ങളും ലഭിച്ചിട്ടുണ്ട് .IHRD യുടെ കീഴിൽ 1994, 95 വർഷത്തിൽ കമ്പ്യൂട്ടർ പഠനം ആരംഭിച്ചു ജില്ലാ പഞ്ചായത്ത് മെമ്പർ പി.വി മനാഫ് അവർകൾ മുഖേന മനോഹരമായ ഗ്രൗണ്ടും (13 ലക്ഷം), 10 ലക്ഷം രൂപ ചെലവിൽ ഹയർസെക്കണ്ടറിയോടനുബന്ധിച്ച് ഓഡിറ്റോറിയവും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി ടോയ്ലെറ്റും അനുവദിച്ചിട്ടുണ്ട് .

ഹൈസ്കൂളിന് വേണ്ടി 6 ക്ളാസ്സുകളുള്ള കെട്ടിടത്തിന് 40 ലക്ഷവും, 17 ലക്ഷം വരുന്ന സ്കൂൾ ബസ്സും, 10 കമ്പ്യൂട്ടറുകളും ഓഡിറ്റോറിയം നിർമ്മാണത്തിന് 10 ലക്ഷവും, തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നൽകുന്ന അസാപ്പ്ക്ളാസ്സും അനുവദിച്ച് തന്ന പ്രിയങ്കരനായ നമ്മുടെ എം.എൽ.എ പികെ ബഷീർ സാഹിബിൻറെ അശ്രാന്ത പരിശ്രമഫലമായി സ്ക്കൂളിനെ മികവിൻറെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണമെന്ന് ധനകാര്യ വകുപ്പിൻറെ ചുമതല കൂടിവഹിക്കുന്ന ബഹുമാനപെട്ട കേരള മുഖ്യ മന്ത്രി 2016 ഫെബ്രുവരി 12 വെള്ളിയാഴ്ച്ച നിയമസഭയിൽ അവതരിപ്പിച്ച ബജറ്റ് രേഖയിൽ പേജ് നമ്പർ 44 ക്രമ നമ്പർ 205 പ്രകാരം പ്രഖ്യാപിച്ചത് ഏറെ സന്തോഷകരമായ കാര്യവും പ്രത്യേകം എടുത്തുപറയേണ്ടതാണ് 40ൽ താഴെയായിരുന്ന വിജയ ശതമാനം 98.99 ആക്കി ഉയർത്തികൊണ്ടുവന്നതിന് കഠിനാദ്ധ്വാനം ചെയ്ത അദ്ധ്യാപകരെ പ്രത്യേകം അഭിനന്ദിക്കുന്നു. '**അടയ്ക്കാ പന്തലിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിലേക്ക്** പടിപടിയായി ഉയർന്ന് വരുന്ന ഈ വിദ്യാലയത്തിൻറെ വളർച്ചയിൽ കൂടെ നിന്ന് പൂർണ്ണ പിന്തുണ നൽകിയ രക്ഷിതാക്കളെയും, നാട്ടുകാരേയും തികഞ്ഞ അച്ചടക്ക ബോധവും അനുസരണയും നിലനിർത്തുന്ന വിദ്യാർത്ഥികളെയും പ്രത്യേ കം അഭിനന്ദിക്കുന്നു.

**സക്കൂൾ ചരിത്ര രചന-**

**ടി. കുഞ്ഞിമുഹമ്മദ് മാസ്റ്റർ**

**സഹായം-എം സി മുഹമ്മദ് ഹാജി (മുൻ പി ടി എ പ്രസിഡന്റ്)**

## ഒരു ത്തുവെളിച്ചം മാത്രം ബാക്കി.... ! കഥ

ഇർഫാന ലിൻസി.കെ.പി X H

ആകെ ഇരുട്ട് ! ഇതെന്താ പറ്റിയത് , എന്നും നേരം പുലർന്നാൽ കിളികളുടെയും മറ്റും ശബ്ദം അലയൊലിയുമായാണ് മുഴങ്ങാറ്. ഇന്ന് ആകെ ഇരുട്ടാണെല്ലോ.... അമ്മു ആശ്ചര്യപ്പെട്ടു. അവൾ തപ്പിത്തടഞ്ഞ് മുറ്റത്ത് എത്തി. "ഇതെന്താ.... ഇതൊരു പുഴയാണോ അതോ....... അമ്മേ....! അമ്മേ....! ആരേയും കാണാനില്ലല്ലോ.....എന്റെ അമ്മയെവിടെ...? അവൾ ഓടി...... അവരുടെ വീടിന്റെ കൂരയാകെ നിലം പതിച്ചിരിക്കുന്നു. വസ്തുക്കളെല്ലാം നശിച്ചിരിക്കുന്നു. അവിടെ ആകെ ഇരുട്ടാണ്. ആരെയും കാണാനുമില്ല. അവൾ ആകാശത്തേക്ക് നോക്കി കരയാൻ തുടങ്ങി. ഇരുണ്ട കാർമേഘങ്ങൾ പോലെ ആവാൻ തുടങ്ങി അവളുടെ മുഖം. കാര്യം അവൾക്ക് മനസ്സിലായി, ആ നാടിനെ മുഴുവൻ പ്രകൃതി പ്രളയത്താൽ തിരിച്ചുവിളിച്ചിരിക്കുന്നു. അതിൽ ഒരുപാട് ആളുകൾ ഉൾപ്പെട്ടിരിക്കുന്നു.

അവൾ അവളെത്തന്നെ നോക്കി. ഞാൻ എങ്ങനെ രക്ഷപ്പെട്ടു. അവൾ ചിന്തിച്ചു. അവൾ കരയാൻ തുടങ്ങി. എന്നെ എന്തിനാ ദൈവം രക്ഷിച്ചത് ! എന്റെ കുടുംബമെല്ലാം നഷ്ട്ടമായിരിക്കുന്നു . ഞാൻ മാത്രം ! എന്തിനീ വിധി...

അവൾ അവിടെ ഇരുന്നു. തനിക്ക് കൂട്ടായിരുന്ന അണ്ണാറക്കണ്ണനും കിളികളും കളിച്ചിരുന്ന കുറ്റിപ്പുരകളും എല്ലാം ഇന്ന് ഭൂമിക്കടിയിലാണ്. സൗഹൃദം പകർന്ന വിദ്യാലയവും എന്റെ കൂട്ടുകാരും എല്ലാം ഇന്ന്...... ഇനി ഞാൻ....എനിക്ക് ഇനി ആരാ..... അവൾ ഒരുപാട് ചിന്തിച്ചു. അവളുടെ ചിന്ത അവളെ മറ്റൊരു ലോകത്തേക്ക് ഉയർത്തിക്കൊണ്ടുപോയി. ഒരു നിമിഷം ! ഒരൊറ്റ രാത്രി.. എന്റെ സ്വന്തം ദൈവത്തിന്റെ നാടിനെ പ്രകൃതി തിരിച്ചെടുത്തു ! അവൾ ആശ്ചര്യപ്പെട്ടു.

ആരെങ്കിലും ഉണ്ടോ എന്ന് നോക്കാൻ അവൾ കുറച്ചകലെ നടന്നു. അപ്പോൾ ഒരാൾ വന്ന് അവളുടെ മുടിയിൽ തലോടി. അവളുടെ കയ്യിൽ പിടിച്ച് അവളെ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി.അവൾ അവിടെയുളുള ബോർഡ് ഒന്നു വായിക്കാൻ ശ്രമിച്ചു. "ദുരി....താശ്വാസ.....ക്യാമ്പ്....". അവിടെ അവൾക്ക് കൂട്ടായിട്ട് കുറെ ആളുകൾ ഉണ്ടായിരുന്നു. തന്റെ കുടുംബത്തെയും നാടിനെയും സമ്പത്തിനെയും മക്കളെയും എല്ലാം ഓർത്തിട്ട് പലരും അവിടെ കരയുന്നുണ്ടായിരുന്നു.

അവളും തന്റെ പഴയകാലഓർമകളിലേക്ക് കടന്നു ചെന്നു. ഒരാൾ വന്ന് തട്ടിവിളിച്ചപ്പോഴാണ് അവൾ ഓർമയിൽ നിന്നും ഉണർന്നത്. ഭക്ഷണം കൊടുത്തിട്ട് കഴിക്കാൻ അവളോട് അയാൾ പറഞ്ഞു. ഭക്ഷണം കണ്ടപ്പോൾ അവൾ കരയാൻ തുടങ്ങി. അയാൾ അവളോട് കാര്യം

തിരക്കി. അവൾ പറഞ്ഞു: ഇന്നലെ എനിക്ക് ഈ സമയത്ത് ഭക്ഷണം തന്നത് എന്റെ അമ്മയായിരുന്നു, ഇന്ന്....! അയാൾ അവളെ ആശ്വസിപ്പിച്ചു.

നേരം വൈകിയപ്പോൾ അയാൾ വന്ന് അവളോട് ഉറങ്ങാൻ പറഞ്ഞു. അവൾ ഒന്ന് തലതാഴ്ത്തി ചാഞ്ഞുറങ്ങാൻ ശ്രമിച്ചു. ക്ഷീണം നന്നായി ഉള്ളതിനാൽ അവൾ അന്ന് വേഗം ഉറങ്ങി. ഉറക്കത്തിൽ അവള്ഞ ദൈവത്തെ കണ്ടു. ദാവം അവളോട് കാതിൽ പറഞ്ഞു:ഇന്നലത്തെ നാടല്ല , ലോകമല്ല ഇത്. ചില മാറ്റങ്ങൾ ! പണത്താലും സുഖസൗകര്യങ്ങളാലും മനുഷ്യൻ ധൂർത്തടിച്ച് ഉല്ലസിച്ച നാളുകൾ... സ്വന്തം കാലിൽ നിക്കാത്ത അവസ്ഥ , മറ്റുള്ളവനെ സഹായിക്കാത്ത ദുഷ്ടസ്വഭാവം..... എന്നിങ്ങനെ എത്ര !
മനുഷ്യസ്നേഹം എന്താ എന്ന് അറിയാത്ത ഇന്നത്തെ ഈ തലമുറക്ക് ഈ പ്രളയം ഒരു പാഠമാകട്ടെ... മരവിച്ച മനസ്സിനെ മാറ്റിയെടുക്കാൻ ഈ ദുരന്തം കരുത്താണ്. മോളേ കാണുന്നില്ലേ.... ഇപ്പോൾ മനുഷ്യർ സ്നേഹത്തിലും ഐക്യത്തിലുമാണ്. ഇതാണ് ദൈവത്തിന്റെ നാട് !
അവൾ ഞെട്ടി ഉണർന്നു. അപ്പോഴേക്കും ദൈവം അങ്ങ് പ്രത്യക്ഷപ്പെട്ടിരുന്നു. അവൾ ചുറ്റും നോക്കി. മനുഷ്യർ പരസ്പരം സഹായസഹകരണത്തിലാണ്.......

## എങ്ങു പോയി... കവിത

എങ്ങുപോയ്... എങ്ങുപോയ്...
മനസ്സിലെ കാവ്യമിതെങ്ങു പോയി..
പാടങ്ങൾ പുൽകിക്കൊണ്ടെങ്ങു പോയി...
കുളിരേകും പച്ചപ്പെങ്ങു പോയി...

തുടുത്തു നിൽക്കും മഴയെങ്ങു പോയി
വർണ്ണമാർന്ന മഴവില്ലെങ്ങു പോയി
വിരിയാൻ വെമ്പുന്ന പൂക്കളെങ്ങു പോയി
തേൻ നുകരാൻ നുണയുന്ന ശലഭങ്ങളെങ്ങു
പോയി...

# പ്രളയം ബാക്കി വച്ച ജീവിതങ്ങൾ...... കവിത

സുഹൈറ മോൾ കെ .പി 9.A

മൗനമാമീലോകത്തെ
ദുഷ് ജനങ്ങൾ വന്നിടുമ്പോൾ, മഴ....
അത് നമ്മെ എന്നെന്നും ബാക്കിയാക്കുന്നു.
ഈ ലോക സ്രഷ്ടാവിന്റെ
കാൽക്കൽ നാം വീഴുമ്പോൾ
നാമെന്നും ബാക്കിയാവും ഇഹലോക ജീവിതം

പേമാരി പെയ്യുന്നു
ശക്തമാം ഈ ലോകം ഈ -
ഇടിയുടെ മിന്നലിന്റെ
ശക്തി കൊണ്ട് നാം വിറങ്ങലിച്ച



ഇനി നാം ഇല്ലാ.... ഇല്ലാ....
ഈ ഭൂമിയിൽ ഇല്ല
മണ്ണിനും വിണ്ണിനും ഭേദികളായി
മഴ നമ്മെ ആക്രമിച്ചു

മനുഷ്യരെന്ന ദുഷ് വർഗം, മഴയേ....
നിന്നെ വേട്ടയാടുമ്പോൾ
ഒരുപാട് നൽജീവിതങ്ങൾ...തകർന്നീടുന്നു

മഴയേ,വേണ്ടാ...... ഇനി വേണ്ട
ഈ പ്രളയം നമ്മിൽ ഇനി വേണ്ട
ഒരുപാട് സഹിച്ചു നാം...
ഒരുപാട് ക്ഷമിച്ചു നാം...
നീ എന്തിനാണിങ്ങനെ...
ഒരു ശാപ പ്രളയമാം ഇഹ ലോകം

വാർദ്ധക്യ, യുവത്വ, കൗമാരം
ഈ തോളിലേറ്റുന്നു...
മത്സ്യ തൊഴിലാളികൾ നമ്മിൽ ജീവനുണർത്തുന്നു...
മത്സ്യ തൊഴിലാളികൾ നമ്മിൽ ഉയിര് പകരുന്നു...
ദുരിതാശ്വാസ ക്യാമ്പിൽ
പ്രളയ ദുരിതങ്ങൾ...

പ്രളയം ബാക്കി വെച്ച ജീവിതങ്ങൾ
ദുരിതാശ്വാസ ദുരിതത്തിൽ ...
ഭക്ഷണമില്ലാ... വസ്ത്രമില്ലാ...

വെള്ളവുമില്ലാത്തൊരു ദുരിതം

ഇനി നാമെന്തു ചെയ്യാനാ...
പ്രളയം ബാക്കി വെച്ച നമ്മിൽ ദുരിതം
ദുരിതം ഇനിയൊരു വൻ ദുരിതം
വലിയവൻ ചെറിയവൻ എല്ലാം തന്നെ
ആശ്വാസ ക്യാമ്പിൽ.....

ഹൃദയമിടിക്കുന്നു...
രോമമുയർന്നെണിക്കുന്നു...
രോഗം നമ്മുടെ ദുരിതാശ്വാസത്തിൽ
ദുരിതം നമ്മെ വിട്ടുമില്ല
അലകടലായ് കണ്ണീരുറവകൾ
ക്യാമ്പിൽ വന്ന് നിറയുമ്പോൾ
നാമെല്ലാം ഒന്നാകും ... ഒരുമിച്ചാകും...

ഒടുവിലെ യാത്രക്കായ് ദുരിതം
ക്യാമ്പിൽ അവസാനിക്കാതെ
മെഴുതിരിയായ് നാം മാലാഖ
മരണ രഥത്തിൽ വന്നീടും....
പരിമിതമാം ഈ ലോകത്തെ...
വാർദ്ധക്യത്തിന്നാശ്വാസം
എല്ലാരും ഒന്നാവാൻ
പരമ പിതാവിൽ നാം വീഴുന്നു....

പരമ പിതാവിൻ ചാരത്ത്
പുതിയ ഒരിടം ഞാൻ തേടുന്നു...
മനസ്സിൽ നിൻ ഓർമകളായ്
നമ്മിൽ ഇനിയും വന്നെത്തും...
സ്മൃതിതൻ മിഴികൾ കണ്ണീരായ്...
കണ്ണീരായ് അലകടലായ് നാം...

പ്രളയം ഇനിയും വന്നാലോ...
സ്മശാനമോ.... ഈ ഭൂമി
പ്രളയം വേണ്ട ... തിരികെ പോകാം
പ്രളയം ബാക്കി വെച്ച ജീവിതത്തിലേക്ക്...


# കണ്ണീരൊപ്പുന്ന മാലാഖ കവിത

നീ കരഞ്ഞു കരഞ്ഞു ഞങ്ങളിലെ -
കമ്ണീരിനൊപ്പം തട്ടിപറച്ച വാങ്ങി
കരുത്തിരണ്ട് നീ നിൻ നട
തുറന്നപ്പോലെയൊലിച്ചുപോയത്
ഞങ്ങൾ കണ്ട കിനാക്കൾ
പലത്തുള്ളി പെരുവെള്ളമെന്നപ്പോൽ
നിൽക്കാതെ ചിണങ്ങുന്ന നിൻകരച്ചിലും
പുഴയായൊഴുകുന്ന ഞങ്ങൾ തനിക്കണ്ണീരും
കൂടിക്കലർന്നൊരു കണ്ണീർകടലായ്
കണ്ണീർ കണ്ടു വന്നു ചിലർ.
ജീവിതപാതക്ക് വഴിതെളിയിച്ച
അരക്കമീതെ വെള്ളവുമായി
തലയ്ക്കുമീതെ എൻ തള്ളയുമായി
കുഴഞ്ഞുനിൽക്കവേ മാലാഖയായ് വന്നു
എൻ സോദരൻ ജെയ്സൽ
പുനർജന്മ വഞ്ചിയിൽ കയറാൻ
കഴിയാതെ നിന്ന ജീവിതങ്ങൾക്ക്
പാലമായ് വന്നു ഈ മുക്കുവസഹോദരൻ
മരഹണത്തിനും ജീവിതത്തിനു മിടയിൽ
പാലമാക്കാൻ വന്ന സോദരൻ
വന്നവർ തൻ പുറത്തു ചവിട്ടി
പുനർജന്മത്തിലേക്കു കടക്കുന്നു.
ആ സോദരന്റെ പുറത്തു ചവിട്ടികയറാൻ
നിർഭാഗ്യം ഞങ്ങളെ കൊണ്ടെത്തിച്ചു.
പുഞ്ചിരികൊണ്ടെൻ പറഞ്ഞു
കയറുവിൻ കയറുവിൻ ജീവിതത്തിലേക്ക്
ചെറുപ്പുരി കൊണ്ട് കയറി ഞങ്ങാ-
തിരു വഞ്ചിയിലേക്ക് അമ്പല നടയേ -
ക്കാൾ ഭക്തിയോടെ.
ഒരു നൂറു ജീവനെ രക്ഷിച്ചവനെൻ
മുക്കുവ സോദരൻ ജയ്സലേ
കടവുളായ് കാണുന്നു നിന്നെ ഞങ്ങൾ
പുഞ്ചിരി കൊണ്ടു ഞങ്ങൾ നേരിട്ടു
നിന്റെ ദേഷ്യത്തെ തണുപ്പിച്ചീടും
ഞാനറിയുന്ന ജയ്സലിനെപ്പോൽ
എന്റെ സോദരങ്ങളെ രക്ഷിച്ച
കടവുളൻമാർ രക്ഷിക്കൂ എൻ കടവുളെ............

SMART PHONE

## മിസ്ഡ് കാൾ...

**ലേഖനം പ്രവിഷ്ണ.സി 10.B**



ആധുനിക തലമുറ പൂർണമായും സ്മാർട്ട് ഫോണിന് അടിമപ്പെട്ടു കഴിഞ്ഞു. മയക്കു മരുന്നിന് അടിമപ്പെടുന്നത് പോലെ, ഈ ലോകത്തെ കാർന്ന് തിന്നുന്ന കാൻസർ പോലെ , മനുഷ്യരിൽ പ്രത്യേകിച്ച് പിഞ്ചുകുഞ്ഞുങ്ങൽ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരു കാര്യമാണ് **smart phone.** എല്ലാവരും **വാട്സ് ആപ്പിലും, ഫേസ്ബുക്കിലും, ട്വിറ്റർ** ലുമെല്ലാം....

മാത്രമല്ല , മുത്തശ്ശിക്കഥകളിലെ ഗുണപാഠവും, കേട്ടു തഴമ്പിച്ച പീഢനക്കഥകളും, ഒരു മിസ്ഡ് കോളിൽ ..... പിന്നിൽ എത്രയോ പെൺ കുട്ടികളുടെ മാനാഭിമാനത്തിന് വിലപേശപ്പെടുന്നു. അതെ...

കയ്യിലെത്തുന്ന എന്തിനെയും തികച്ചും ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന ഒരു കൊച്ചു കുഞ്ഞിന്റെ അതേ മാനസികാവസ്ഥയിൽ നോക്കിക്കാണുന്ന ഒരാൾക്ക് പക്ഷേ ഇത് വെറുമൊരു വാക്കായിരിക്കാം. എന്നാൽ അവയുടെ അഗാധ ഗർത്തങ്ങളിൽ... എത്രയോ രഹസ്യങ്ങൾ ഒളിഞ്ഞുകിടക്കുന്നു. അതു കൊണ്ടു തന്നെയാണ് നാളോ, പേരൊ, ഊരോ, ഒന്നുമറിയാത്ത ഒരു മിസ്ഡ് കോളിനൊപ്പം പെൺകുട്ടികളുടെ മനസ്സും പറന്നകലുന്നത്.

ഇവിടെ മനുഷ്യൻ മരിച്ചു പോയാലും അദ്ദേഹത്തെ ഒന്നും ചെയ്യാതെ അദ്ദേഹത്തിന്റെ ഫോട്ടോകൾ **വാട്സ് ആപ്-**ലും **ഫേസ്ബുക്ക്-**ലും സെന്റ് ചെയ്യുന്നവരാണ് മനുഷ്യർ. അതു കൊണ്ട് തന്നെയാണല്ലോ വേനലും വർഷവുമെന്ന പോലെ ആശങ്കകളും സങ്കടങ്ങളും ബാക്കിയാക്കിക്കൊണ്ട് ഇവയൊക്കെ അറ്റമില്ലാതെ തുടരുന്നതും....

കഥ

# പ്രകൃതി ബാക്കി വെച്ചത്....

അനുശ്രീ.കെ 9h

നാട്ടിലേക്കുള്ള തിരിച്ചുള്ള ട്രെയിൻ യാത്രയിൽ അവൾ ഒന്ന് മയങ്ങിപ്പോയി , അപ്പോഴേക്കും അവളുടെ മനസ്സിൽ നാട്ടിലെ ഓർമകളായിരുന്നു. അവളുടെ ഓർമകളിൽ ആ രണ്ടു കുടുംബങ്ങളും നിറഞ്ഞു നിന്നു. ആ രണ്ടു കുടുംബങ്ങളും വഴക്കായിരുന്നു. ഒരു പാവപ്പെട്ട വീടു, ഒരു പണക്കാരന്റെ വീടും. ദിവസം കൂടും തോറും അവരുടെ പ്രശ്നങ്ങൾ കൂടിക്കൂടി വന്നു. പാവപ്പെട്ട വീട്ടിലായിരുന്നു അവൾ പിറന്നു വീണത്. നീനു എന്നായിരുന്നു അവളുടെ പേര്. അവൾക്കു താഴെ ഒരനിയനുമുണ്ടായിരുന്നു. അവരുടെ അച്ഛനും അമ്മയും രാവന്തിയോളം പണിയെടുത്തിട്ടാണ് അവരെ പോറ്റുന്നത്. അവർ കഷ്ടപ്പാടുകൾ വളരെയധികം അനുഭവിച്ചവരാണ്. അവരുടെ അടുത്ത് ഒരു പണക്കാരന്റെ വീടായിരുന്നു. നരേന്ദ്രൻ മുതലാളി എന്നായിരുന്നു അയ്യാളുടെ പേര്. മഹാ പിശുക്കനായിരുന്നു അയ്യാൾ. അവരുടെ മുറ്റം അടിച്ചു വാരി നീനുവിന്റെ വീട്ടിലേക്ക് ഇടുമായിരുന്നു, അവൾ കാരണം ഇവർ പാവപ്പെട്ടവരായതിനാൽ ഇവിടെ നിന്നും ഒഴിഞ്ഞുപോകുവാൻ വേണ്ടിയാണ് അവർ വളരെയധികം ശല്യം ചെയ്യുന്നത്. എന്തൊക്കെ ചെയ്താലും നീനുവിന്റെ അച്ഛൻ ഒന്നും പറഞ്ഞില്ല. കാരണം പ്രതികരിച്ചാൽ ഈ കാരണം മതി അവർക്ക് വീടുവിട്ടിറങ്ങിപ്പോകാൻ. ഒരു ദിവസം നരേന്ദ്രന്റെ വീട്ടിൽ അവരുടെ മകളുടെ കല്ല്യാണം നടക്കുകയായിരുന്നു.

നീനുവിന്റെ അച്ഛനായ മഹേഷിനേ അവർ വിളിച്ചിരുന്നില്ല. കാരണം അവർ വന്നാൽ നരേന്ദ്രന് നാണക്കേടായിരുന്നു. കല്ല്യാണം നടക്കുമ്പോൾ മഹേഷിന്റെ മകളായ നീനു ആ വഴിയിലൂടെ നടന്നു കടയിലേക്കു പോയിരുന്നു. ദാരാദ്യം കാരണം അവളുടെ ഉടുപ്പെല്ലാം മുഷിഞ്ഞതായിരുന്നു. അവൾ നടന്നു പോയപ്പോൾ കുറച്ചാളുകൾ അവിടെ നിൽക്കുന്നാണ്ടായിരുന്നു. അവൾ പറഞ്ഞു എന്തൊരു വാസനയാണിത്. അത് അവളെ വല്ലാതെ വേദനിപ്പിച്ചു. അവൾ വീട്ടിലേക്കോടി അമ്മയോട് കാര്യം പറഞ്ഞു. അമ്മ അവളെ സമാധാനിപ്പിച്ചു. എന്നിട്ടു പറഞ്ഞു ദൈവം നമ്മളെ കൈ വിടില്ല എന്ന്. കല്ല്യാണം കഴിഞ്ഞ് ബാക്കിയുണ്ടായിരുന്ന എച്ചിലെല്ലാം നീനുവിന്റെ മുറ്റത്തേക്കിട്ടു. അപ്പോൾ മഹേഷ് ഒന്നും പ്രതികരിച്ചില്ല. അങ്ങനെ മഴക്കാലം വന്നു ചേർന്നു. മഴ വളരെ ഇഷ്ടമായിരുന്നു നീനുവിന്. അവൾ എന്നും മഴയത്തു കളിക്കുമായിരുന്നു. അവളും മഹേഷും വളരെയധികം മരങ്ങൾ നട്ടു പിടിപ്പിച്ചിരുന്നു അവരുടെ മുറ്റത്ത് . നരേന്ദ്രന്റെ വീട്ടിൽ ഒരു മരം മാത്രമേ ഉണ്ടായിരിന്നുള്ളൂ.അത് വലിയൊരു തേക്കായിരുന്നു. നീനുവിന്റെ വീടിനെയും നരേന്ദ്രന്റെ വീടിനെയും മുറിച്ചുമാറ്റുന്നത് ഒരു വലിയ മതിൽ മാത്രമായിരുന്നു. ഒരു ദിവസം രാത്രി നല്ല കാറ്റും മഴയും ഉണ്ടായി. ആ കാറ്റും മഴയിൽ അവരുടെ മതില് തകർന്നു വീണു. നരേന്ദ്രന്റെ വീട്ടിലെ തേക്കുമരം നേരെ ചെന്നു പതിച്ചത് അവരുടെ വീടിന്റെ മുകളിൽ, വീട് ഒരു ഭാഗം തകർന്നു വീണു. നരേന്ദ്രനും വീട്ടുക്കാരും ഓടി മുറ്റത്തിറങ്ങി. ശബ്ദം കേട്ടു മഹേഷും ഭാര്യയും വന്നു നോക്കി. അപ്പോഴാണവർ വിവരം അറിയുന്നത്. അവർ വേഗം

മതിലുകൾക്കപ്പുറം.....

നരേന്ദ്രനേയും വീട്ടുകാരെയും തന്റെ വീട്ടിൽ നിർത്തി, അപ്പോഴേക്കും കാറ്റും മഴയും നന്നേ കുറഞ്ഞിരിക്കുന്നു. മഹേഷിന്റെ ഒരു മരം പോലും ആ കാറ്റിൽ വീണു പോയിട്ടുണ്ടായിരുന്നില്ല. അന്ന് മഹേഷിന്റെ വീട്ടിലായിരുന്നു

നരേന്ദ്രനും കുടുംബവും താമസിച്ചത്. നേരം വെളുത്തപ്പോൾ നരേന്ദ്രന്റെ വീട് മുഴുവനും ഇടിഞ്ഞു വീണിരിക്കുന്നു, ഇനി എന്തു ചെയ്യണമെന്നവർക്കറിയില്ലായിരുന്നു. അപ്പോഴാണ് മഹേഷ് പറഞ്ഞത് നിങ്ങൾക്കു വീട് നിർമ്മിക്കുന്നതു വരെ ഞങ്ങളുടെ വീട്ടിൽ താമസിക്കാം എന്ന്. നരേന്ദ്രന്റെ കണ്ണുകൾ നിറഞ്ഞു. മഴത്തുള്ളികൾ പോലെ ഉതിർന്നു വീണു. നരേന്ദ്രൻ മഹേഷിന്റെ കാൽക്കൽ വീണു മാപ്പപേക്ഷിച്ചു. മഹേഷ് അപ്പോൾ പറഞ്ഞു. നമ്മുടെ മതിലുകൾ ഇന്നിതാ ഇവിടെ തകർന്നു വീണിരിക്കുന്നു, ഈ മതിലുകളായിരുന്നു നമ്മുടെ പ്രശ്നം. അങ്ങനെ നരേന്ദ്രൻ ഒരു വീടു നിർമ്മിക്കുന്നത് വരെ മഹേഷിന്റെ വീട്ടിൽ താമസിച്ചു. അങ്ങനെ അവർ വീടു നിർമ്മിച്ച് വീടു മാറിപ്പോയി. കുറച്ചുകാലങ്ങൾ കഴിഞ്ഞപ്പോൾ നരേന്ദ്രൻ തന്റെ മകനു വേണ്ടി നീനുവിനെ ആലോചിച്ചു വന്നു. അങ്ങനെ അവർ കുടുംബാംഗങ്ങളുമായി. അന്നവിടെ പ്രക്രുതി പാഠമാക്കിത്തന്നത് ബാക്കിവെച്ച സ്നേഹവും കുടുംബ ബന്ധവും മനുഷ്യത്വവുമാണ്. ഇവിടെ പ്രക്രുതിയാണ് നമ്മുടെ ഗുരു. ഇന്നീ ആധുനിക കാലത്ത് പ്രക്രുതിയേയാണ് നമ്മൾ ഗുരുവാക്കേണ്ടതെന്ന് പ്രക്രുതി തന്നെ നമ്മെ പഠിപ്പിച്ചു തന്നു. പെട്ടെന്നു തന്നെ ട്രെയ്ൻ നിന്നു, അപ്പോഴാണ് നീനുവിന് മനസ്സിലായത് താൻ തന്റെ നാട്ടിലെത്തിയത്.

കവിത **നീ..** **നീ...** കവിത

ശശീന്ദ്ര ബാബു. വിപിഎം



നീ ഭയപ്പെടേണ്ട
എന്റെ ഹൃദയത്തെ
നിന്റെ ഹൃദയത്തോട് ചേർത്തു വയ്ക്കില്ല
പകരം
എന്റെ ആത്മാവിനെ
നിന്റെ ആത്മാവിൽ ലയിപ്പിക്കും
നീ പേടിക്കേണ്ട
ഞാൻ നിന്നെ തൊട്ടുണർത്തില്ല
നീ എന്നിൽ പെയ്തിറങ്ങും വരെ
കാത്തിരിക്കും .



ജാഗ്രത-സ്ത്രീ ശാക്തീകരണം



HSS സൗഹൃദ ക്ളബ്-
ബോധവൽക്കരണം





FOOTBALL CHAMPIONS



സഹപാഠിക്കൊരു വീട്




ലൈബ്രറി




URDU CLUB





# ജൂനിയർ റെഡ് ക്രോസ്

## J R C

G.h.s.s Kuzhimanna -യിൽ സാമൂഹികമായും സ്ക്കൂളിന്റെ ക്ഷേമ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ക്ലബ്ബാണ്J.R.C . രണ്ട് വിതം J.R.C യുണിറ്റ് (8,9,10) പ്രവർത്തിക്കുന്നു. Cadets ദിവസേന സ്ക്കൂളും പരിസരവും വൃത്തിയായി ശുചിയായി സുക്ഷിക്കുന്നു. B.R.C-യുടെ ആഭിമുഖ്യത്തിൽ നടത്തിയ CWSN (Children with Special Need) ഉപജില്ല റാലിയിൽ പങ്കെടുത്തു. J.R.C-യുടെ ഭാഗമായി ഡിസംബർ 8 ന് ഉപജില്ല തലത്തിൽ പങ്കെടുത്തു. A Level, B Level പരീക്ഷകൾ സ്ക്കൂൾ സെന്ററിൽ വെച്ച് 22.12.2018-ന് നടത്തി. ഈ സെന്ററിൽ വെച്ച് C Level പരീക്ഷ ജനുവരി 12 ന് നടന്നു. ലഹരി വിരുദ്ധ ദിനം, പാലിയേറ്റീവ് കെയർ ദിനം എന്നിവയോടനുബന്ധിച്ച് റാലി നടന്നു. സ്ക്കൂളിൽ സാമൂഹികവും ഭൗതികവുമായ കാര്യങ്ങളിൽ Cadets സേവനം ചെയ്യുന്നു .










# ഭൗതികസൗകര്യങ്ങൾ

## GHSS KUZHIMANNA

ഏറനാട് മണ്ഡലത്തിലെ ഏക ഇൻ്റർനാഷണൽ സ്കൂൾ എന്ന സ്വപ്നം കുഴിമണ്ണ പ്രദേശത്തിന് പൂവണിയുകയാണ്. മലപ്പുറം ജില്ലയിൽ ഭൗതിക സാഹചര്യങ്ങൾ ഏറെ കുറെ അനുകൂലമായ വിദ്യാലയമാണ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കുഴിമണ്ണ. 4.5 ഏക്കർ സ്ഥലമാണ് ഈ വിദ്യാലയത്തിന് സ്വന്തമായി ഉള്ളത്. പുരാതനവും പ്രൗഢവുമായ പ്രധാന കെട്ടിടം ഇൻ്റർനാഷണൽ സ്കൂൾ ആക്കി മാറ്റുന്നതിൻ്റെ ഭാഗമായി പൊളിച്ചു മാറ്റുകയാണ് . കൂടാതെ വിശാലമായ ലൈബ്രറി , കംമ്പ്യൂട്ടർ ലാബ്, കളിസ്ഥലങ്ങൾ എന്നിവയും ഉണ്ട് രണ്ടു പ്രധാന ഓഡിറ്റോറിയവും ഉണ്ട്. ഹൈസ്കൂളിനും ഹയർ സെക്കണ്ടറിയ്ക്കും പ്രത്യേകം ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി വളരെ ഫലപ്രദമായ രീതിയിലാണ് നടക്കുന്നത്. ചോറും കറിയും തോരനും നൽകി വരുന്നു. വിദ്യാലയത്തിൽ വിളയിച്ചെടുക്കുന്ന പച്ചക്കറികളും കറിയ്ക്കായി ഉപയോഗിച്ചു വരുന്നുണ്ട്. പ്രത്യേകം സജ്ജമാക്കിയ അടുക്കളയിൽ പൂർണമായും ഗ്യാസ് അടുപ്പ് സ്ഥാപിച്ചിട്ടുണ്ട്. പാചകത്തിനായി ഒരാളെ നിയമിച്ചിട്ടുണ്ട് . ഹൈസ്കൂളിനും ഹയർ സെക്കണ്ടറിക്കുമായി മൂന്ന് കമ്പ്യൂട്ടർ ലാബുകൾ പ്രവർത്തിക്കുന്നു. ഇതിൽ രണ്ടെണ്ണം നെറ്റ് വർക്ക് ചെയ്തിട്ടുണ്ട്. ബ്രോഡ് ബാൻ്റ് കണക്ഷൻ കമ്പ്യൂട്ടർ ലാബുകളിൽ ലഭ്യമാണ്, എൻ എസ് എസ്, ഹരിതസേന, ജൂനിയർ റെഡ് ക്രോസ്സ്, ലിറ്റിൽ കൈറ്റ് , വിദ്യാരംഗം കലാ സാഹിത്യവേദി, JRC, സ് ക്കൂൾ പാർലമെൻ്റ്, റോഡ് സുരക്ഷാ പദ്ധതി, ഗണിത ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, കലാം അനുസ്മരണ വേദി, തുടങ്ങിയവ നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

# രക്ഷപെടാനാ...! മിനിക്കഥ

ആന ഇടഞ്ഞു. ആളുകൾ ഓടി, കിട്ടു മാത്രം ആനയുടെ മുന്നിലേക്കാണ് ഓടിയത് !

ഒരാൾ ചോദിച്ചു :" ങേ ... എന്തിനാ ആനയുടെ മുന്നിലേക്ക് ഓടുന്നത് ?”

“ ആന പിറകെ വന്നാൽ എളുപ്പത്തിൽ രക്ഷപ്പെടാൻ വളഞ്ഞു പുളഞ്ഞ് ഓടിയാൽ മതിയെന്ന് ടീച്ചർ പറഞ്ഞു തന്നിട്ടുണ്ട് . കാരണം ആനയ്ക്ക് പെട്ടെന്നു തിരിയാനാവില്ല.”

“ അതിനെന്താ നീ ആനയുടെ മുന്നിലേക്ക് ഓടുന്നത് ?”

“ ആന പിറകേ വരാൻ വേണ്ടിയാ . പിറകേ വന്നാലല്ലേ വളഞ്ഞു പുളഞ്ഞു ഓടാൻ പറ്റൂ ! ”

# C W S N

## SUB DISTRICT ARTS FEST





ഗൃഹസന്ദർശനം





## റിപ്പോർട്ട്

### സി.ഡബ്ള്യൂ.എസ്.എൻ

സംയോജിത വിദ്യഭ്യാസത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിൽ സമപ്രായക്കാരോടൊപ്പം ഭിന്നശേഷിക്കാരേയും ഇരുത്തി പാഠ്യ, പാഠ്യേതര പദ്ധതിയിൽ ഏർപ്പെടുന്ന വിദ്യഭ്യാസ രീതിയാണ് **സംയേജിത വിദ്യഭ്യാസ പദ്ധതി.** നമ്മുടെ കലാലയത്തിൽ 5 മുതൽ 12 വരെയുള്ള ക്ലാസുകളിലായി 43 പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ പഠിച്ച് കൊണ്ടിരിക്കുന്നു. ഇവർക്ക് പരിശീലനം നൽകാൻ ഒരു റിസോഴ്സ് അധ്യാപിക(റുഖിയ) യും ഉണ്ട്.സാധാരണ വിദ്യാർത്ഥികളുടെ കൂടെ ഇവരെയും കലാ, കായിക മത്സരങ്ങളിലും അതോടൊപ്പം തന്നെ പാഠ്യ, പാഠ്യോതര വിഷയങ്ങളിൽ ഇവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷത്തിലൊരിക്കൽ അധ്യാപകരുടെ കീഴിയിൽ ഒരു വിനോദ യാത്രയും സംഘടിപ്പിക്കുന്നു. എസ്. എസ്.എൽ.സി പരീക്ഷയിൽ സ്ക്രൈബിന്റെ സഹായം ഈ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

# ഞാൻ വരാം

**കഥ ശരണ്യ X H**

ആകാശം ചുവന്നു.പക്ഷികളെല്ലാം കൂടണഞ്ഞു.ജനലിനരികിൽ വിശാലമായ പ്രകൃതിയുടെ ഭംഗി ആസ്വദിക്കുകയായിരുന്ന കോരൻ.അയാൾ ഓർമകളുടെ മടിക്കുത്തുകളിലേക്ക് വഴുതി വീണു.പണ്ട് അരവയർ മുറുക്കിക്കെട്ടി പാടത്തും പറമ്പിലും പണിയെടുത്തുനടന്ന ആ കാലം.നാടിന്റേയും നാട്ടുകാരുടേയും പട്ടിണിമാറ്റിയ ദൈവതുല്യനായ ആ കർഷകൻ.മണ്ണിനെ അടുത്തറിഞ്ഞ ആ മനസ്സ് ഇന്ന് ആ മണ്ണിന്റെ നനവ് തൊടാൻ വെമ്പുകയാണ്.ഇന്ന് ഈ കട്ടിൽ പടിയിൽ ദേഹം തളർന്ന് കിടക്കുമ്പോഴും മണ്ണിലറങ്ങി പണിയടുക്കുക എന്നതാണ് അയാളുടെ അന്ത്യാഭിലാഷം.മണ്ണിനെ അറിഞ്ഞ് അതിൽ നിന്നും അയാൾ സമ്പാദിച്ച് മഴയിൽ നിന്നും വെയിലിൽ നിന്നും രക്ഷയേകാൻ ഒരു കുടിയുണ്ടാക്കി.വലിയ മണിമാളികയുണ്ടാക്കാൻ അറിയാഞ്ഞിട്ടല്ല , അയാൾക്ക് അതിനാഗ്രഹമില്ല ഒരു കൃഷിക്കാരനായതുകൊണ്ടാവാം അയാൾ തികഞ്ഞ പ്രകൃതി സ്നേഹിയായിരുന്നു.”വലിയ വീണ്ടുണ്ടാക്കിയാൽ അത് മണ്ണിന് , ഈ ഭൂമിക്ക് താങ്ങാനാവില്ല.ഭാരം സഹിക്കുന്നതിന് ഒരു പരിധിയില്ലേ ?” എന്നതാണ് അയാളുടെ മനസ്സിൽ.ജീവിത പങ്കാളിയെ കണ്ടെത്തി കോരൻ ആ കുടിലിൽ താമസമാരംഭിച്ചു.സൗകര്യങ്ങളേറെയില്ലെങ്കിലും അവർ ആ വീട്ടിൽ തൃപ്തിയോടെ ജീവിച്ചു.പെട്ടെന്നുണ്ടായ ഭര്യയുടെ മരണം അയാൾക്ക് താങ്ങാവുന്നതിൽ അപ്പുറമായിരുന്നു. കയ്പ്പുള്ള ആ ഓർമകളിൽ നിന്നും അയാൾ ഉണർന്നു.കണ്ണിൽ നിന്നും ചാലിട്ടൊഴുകുന്ന നീരുറവ അയാൾ തുടച്ചില്ല .

പുറത്ത് നല്ല മഴക്കോളുണ്ട് .നല്ല കാറ്റ് ഓ! ഈ കാറ്റിൽ ന്റെ കുടി പറന്നുപോവോ?പുരയിളകി തലേൽ വീണാൽ പോലും രക്ഷിക്കാൻ ഇവിടാരുല്ല.പുറത്ത് മഴ തകർത്ത് പെയ്യാൻ തുടങ്ങി. ആകാശം ഉള്ളിലൊതുക്കി വെച്ച സങ്കങ്ങളെല്ലാം കരഞ്ഞ്തീർത്തു എന്നു വേണം പറയാൻ.പക്ഷേ മറ്റുള്ളവരെപ്പോലെ മഴപ്പെയ്യുമ്പോൾ കാർമേഘത്തേയും വെയിലുദിച്ചാൽ സൂര്യനേയും പഴിക്കുന്നയാളല്ല അയാൾ.മണ്ണും മനുഷ്യനും തമ്മിലുള്ള പ്രകൃതിസ്നേഹിയാണ്.അയാൾ പ്രകൃതിയെ കുറ്റം പറയാറില്ല.എന്തിനാ പ്രകൃതിയേയും ഈശ്വരനേയും ഇങ്ങനെ കുറ്റം പറയുന്നത്.മനുഷ്യൻ ചെയ്യുന്നതിന്റെ ഫലം തിരികെ ഓരോന്നായിങ്ങനെ കിട്ടും .ന്നാലും , മനുഷ്യർ പഠിക്കുന്നില്ലല്ലോ? ഇതാണ് കോരന്റെ ചോദ്യം .

കുറച്ചു കഴിഞ്ഞപ്പോൾ അയാളുടെ നാവ് വരണ്ടു.കുറച്ചു വെള്ളം എടുത്ത്കൊടുക്കാൻ ആരുമില്ല.അകലെയൊരു വീട്ടിലുല്ല ഒരു പെൺകുട്ടി ഇടയ്ക്കിടെ വന്ന് അയാൾക്ക് വേണ്ടത് ചെയ്തുകൊടുക്കുമായിരുന്നു.രണ്ടു ദിവസമായി അവളെ കാണാനില്ല.

വല്ലാതെ ദാഹിക്കുന്ന അയാളുടെ തൊണ്ടയടഞ്ഞു.പുറത്ത് മഴക്കോരിച്ചൊരിയുന്നു.അകത്ത് താൻ ഒരു തുള്ളി വെള്ളത്തിനുവേണ്ടി.. അയാളുടെ നെഞ്ച് പിടഞ്ഞു.”ദൈവമേ ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ.”അയാൾ മനസ്സിൽ ഉരുവിട്ടു.

മതിലുകൾക്കപ്പുറം.....

മഴ തന്റെ ദുഃഖങ്ങളെല്ലാം പെയ്തുതീർത്തു! കോരന്റെ ദാഹമകറ്റാനാകണം വെള്ളം ആ കുടിലിനകത്തുകയറി."എന്നെ വിളിക്കാൻ വന്നതായിരിക്കും അല്ലേ? ഞാൻ വരാം.."അയാൾ മനസ്സിൽ മൊഴിഞ്ഞു.മഴവെള്ളം അയാളെ മാടി വിളിച്ചു.അയാൾ പ്രകൃതിക്കൊപ്പം കൂടെയിറങ്ങി....


# പ്രളയ കേരളം

കവിത



**മുബഷിർ നബീൽ പി.കെ 9 H**

**അ**ന്നൊരു നാളിലാ മഴയത്ത്
നിലാവിൽ പൊതിഞ്ഞ മഴച്ചാലുകളിൽ
കുത്തിയൊലിക്കുന്ന മലവെള്ളപ്പാച്ചിലിൽ
എല്ലാം തകർത്തെറിഞ്ഞ ജീവിതങ്ങളുടെ
കണ്ണീർചാലിലൂടെ ഞാൻ നടക്കുന്നു .
മഴയെനിക്കെല്ലാമാണ് ,
എന്നിട്ടും സഹിക്കുന്നില്ല
കുത്തിയൊലിക്കാത്ത മനസ്സുമായ്
കുതിക്കുന്നു ...
എന്റെ പുതിയ കൈരളിക്കു വേണ്ടി
ഒരു മഴക്കും തകരില്ല നാം ഒന്നാണ് നാം
ജയിക്കട്ടെ കേരളം വളരട്ടെ കേരളം
മഴ പെയ്ത മലയാളം ഒരുമയുടെ പ്രളയമായ്
ലോകർക്ക് സർവം മാതൃകാസ്ഥാനമായ് .







## കലാപ്രതിഭ

### വളരുന്ന കലാപ്രതിഭ

**അക്ഷയ് 9 E**

**സബ്ജില്ല , ജില്ലാ മത്സരങ്ങളിൽ ചിത്ര രചന പെൻസിൽ , ചിത്ര രചന കാർട്ടൂൺ , ചിത്ര രചന ജലച്ചായം എന്നിവയിൽ മികച്ച പ്രകടനം**







**കലാപ്രതിഭ**



അമൃത ഷാജ് X H

**തുടർച്ചയായി മൂന്ന് വർഷം ജില്ലയിൽ മികച്ച പ്രകടനം**



**ഷെഫിൻ ദാസ് 8E**

ഡിജിറ്റൽ പെയിന്റിംഗ്- (paint , gimp സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരക്കുന്നു )




HI TECH, INTERNATIONAL SCHOOL PROJECT - A DISCUSSION



## കവിത


വന്ദന. സി , 9.A




# തുളസി

വീടിന്റെ ഐശ്വര്യമാണെൻ തുളസി
നിൻ കതിർത്തടം വിടർത്തി
കാറ്റിലാടി മഞ്ഞിന്റെ മണിമുത്തുകൾ-
വിതറുന്ന പുലർച്ചയിൽ കുളിച്ചീറനും ധരിച്ചു ഞാൻ
മൊന്തയിൽ വെള്ളമായെത്തി
നിൻ മേനിയിൽ തളിച്ചതും
നിൻ തളിരിലകൾ എന്നോടൊരു കുശലം
നീഅറിയാതെ നിൻ കതിർതടമാകുന്ന തുള്ളിയെടുത്തും
ഞാനെന്റെ കാർക്കൂന്തലിൽ വെച്ചതും നീ
കൗതുകമായി നോക്കിനിന്നില്ലേ ...!


# നവകേരളം കുട്ടികളുടെ ഭാവനയിൽ
















# കൈറ്റ് ജാലകം

## KITE NEWS




**KITE ജില്ല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ**

**SUHAIRA MOL**
**AMEN AHAMMED**
**MUHAMMED MUNAVIR**

Sub Dist camp






| Sl no | Admn.No | Student Name | Sl no | Admn.No | Student Name |
|---|---|---|---|---|---|
| 1 | 22657 | ABIDA .V.T | 2 | 22763 | SNEHA . C |
| 3 | 23248 | JISHAD KP | 4 | 23315 | MUHAMMED MIDILAJ K |
| 5 | 23316 | SUHAIRA MOL. KP | 6 | 23323 | FATHIMA NASRI K K |
| 7 | 23343 | NAJMA SAIFU.K | 8 | 23352 | SREENANDA .K.K |
| 9 | 23354 | AYISHA FAHMIDA | 10 | 23386 | SHAHLA SHARIN. K V |
| 11 | 23396 | ASHFAQUE .P | 12 | 23436 | MIDHUN.K |
| 13 | 23440 | FATHIMA THASNEEM K | 14 | 23448 | SONA .K K |
| 15 | 23460 | ULFATHUNNEESA .E | 16 | 23471 | RABIA N |
| 17 | 23475 | HUDHA FATHIMA P | 18 | 23477 | RINSINA SHERIN KK |
| 19 | 23483 | RUQUIYYA AMAL V | 20 | 23499 | BINSHA .K |
| 21 | 23500 | LINSHA .K | 22 | 23512 | NESIYA M |
| 23 | 23523 | JASEENA SHAMNA K V | 24 | 23525 | JASLA SHERIN D T |
| 25 | 23533 | DILSHATH JABEEN .M | 26 | 23536 | VISMAYA N |
| 27 | 23537 | SIFLA SHERIN M | 28 | 23547 | ANSILA JASMI. K T |
| 29 | 23572 | KAILAS.C | 30 | 23594 | FIDA FATHIMA VATTOLY |
| 31 | 23596 | ANAMIKA . P | 32 | 23611 | NIHALA JASMIN N |
| 33 | 23642 | HANEENA M | 34 | 23677 | HASHIM AT |
| 35 | 23680 | ASWATHI P | 36 | 23695 | MUHAMMED MUNAVIR . P |
| 37 | 23950 | AMEN AHAMMED PERINGADAN | 38 | 24006 | IKRAMULLA C |

LITTLE KITE MEMBERS 2018-20




KITE ID CARD വിതരണം